ഉത്തരം

(എ) ഉണ്ട്. എലത്തൂർ, തലക്കളത്തൂർ കുടിവെള്ള പദ്ധതിയിൽ നിന്നും പാവങ്ങാട് ഭാഗത്തുവച്ച് 650 മീറ്റർ 90 മി.മീ. പി.വി.സി. പൈപ്പിട്ട് കോഴിക്കോട് നഗരത്തിലെ 38, 39 വാർഡുകളുടെ കടലോര പ്രദേശങ്ങളിലെ ശുദ്ധജലവിതരണം അഭിവൃദ്ധിപ്പെടുത്തുവാൻ എം.എൽ.എ. പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പണി ഉടൻ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കോഴിക്കോട് നഗരത്തിലെ വാർഡ് 38, 39 ഭാഗങ്ങൾ മലാപ്പറമ്പ് ടാങ്കിന്റെ പരിധിയിൽ വരുന്ന അവസാന ഭാഗങ്ങളാണ്. പ്രസ്തുത വാർഡുകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. എങ്കിലും ഈ വാർഡുകളിലെ തീരപ്രദേശങ്ങളിലെ ജലവിതരണം അഭിവൃദ്ധിപ്പെടുത്തുവാൻ മാത്രമേ ഇപ്പോൾ ഉദ്ദേശിക്കുന്നുള്ളു. കോഴിക്കോട് നഗരത്തിനുവേണ്ടിയുള്ള 18 എം.എൽ.ഡി. ഓഗ്മെന്റേഷൻ പദ്ധതി 2004 ഡിസംബർ മാസത്തിൽ പൂർത്തീകരിക്കുന്നതോടെ വാർഡ് 38, 39 ഭാഗങ്ങളിലെ കുടിവെള്ളക്ഷാമത്തിന് അറുതി വരുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെ വരുമ്പോൾ എലത്തൂർ പദ്ധതിയിൽ നിന്നുമുള്ള വെള്ളം പിന്നീട് ആവശ്യമായി വരില്ല. വാൽവുകൾ വച്ച് നിയന്ത്രിച്ചാണ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്.

(സി) ഉണ്ട്.

പന്തളം എൽ.ഐ.സി. കുടിവെള്ള പദ്ധതി

54 [1032] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം ആസ്ഥാനമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എൽ.ഐ.സി. കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) പമ്പ് ഹൗസും ജലസംഭരണിയും സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കാതെ നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) പന്തളം എൽ.ഐ.സി. കുടിവെള്ള പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നു വിശദമാക്കാമോ?

ഉത്തരം

(എ) ഈ പദ്ധതിക്കുവേണ്ടി കുരമ്പാലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പമ്പ് ഹൗസിന്റെയും മങ്ങാരത്ത് സ്ഥാപിക്കുന്ന ജലശുദ്ധീകരണശാലയുടെയും സ്ഥലം വിട്ടു കിട്ടുന്നതിന് വേണ്ടിയുള്ള അപേക്ഷ പത്തനംതിട്ട ജില്ലാ കളക്ടർ മുഖേന സ്പെഷ്യൽ തഹസീൽദാർക്ക് കൊടുത്തിട്ടുണ്ട്.

(ബി) മേൽ വിവരിച്ച സ്ഥലങ്ങളിൽ പരാതികൾ നിലനിൽക്കുന്നതിനാൽ സ്ഥലം എടുപ്പ് നടപടികൾക്ക് കാലതാമസം ഉണ്ടാകുന്നു. റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ത്വരിതപ്പെടുത്താൻ നടപടി കൈക്കൊള്ളുന്നതാണ്.

(സി) സ്ഥലം വിട്ടുകിട്ടിയാൽ ഉടൻ തന്നെ ഈ പദ്ധതിയുടെ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly